**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 840 28.04.2017 -ൽ മറുപടിക്ക്**

**തഴക്കര കൊച്ചാലുമ്മൂട് ജംഗ്ഷനിൽ നിരന്തരമായി അപകടങ്ങൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.ആർ. രാജേഷ്** | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) കൊല്ലം - തേനി ദേശീയപാതയിലെ പ്രധാന ജംഗ്ഷനുകളിൽ ഒന്നായ തഴക്കര കൊച്ചാലുമ്മൂട് ജംഗ്ഷനിൽ നിരന്തരമായി അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) പ്രസ്തുത മേഖലയിൽ സിഗ്നൽ ലൈറ്റുകളോ മുന്നറിയിപ്പ് ബോർഡു കളോ ഡിവൈഡർ/ ഹംപ് എന്നിവയോ ഇല്ല എന്നത് ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) ഈ മേഖലയിലെ അപകടങ്ങൾ ഒഴിവാക്കാൻ ഇവ സ്ഥാപിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ? | (സി) കൊല്ലം - തേനി ദേശീയപാതയുടെ കൊല്ലം (0/000) മുതൽ ആഞ്ഞിലിമൂട് (62/100) വരെ ട്രാഫിക് സേഫ്റ്റിയുള്ള വിശദമായ പദ്ധതി (ഡി.പി.ആർ) തയ്യാറാക്കുന്നതിന് ഡൽഹി ഇന്റഗ്രേറ്റഡ് മൾട്ടി മോഡൽ ട്രാൻസിറ്റ് സിസ്റ്റംസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ലെറ്റർ ഓഫ് അവാർഡ് (എൽ.എ.ഒ) നൽകിയിരിക്കുകയാണ്. പ്രസ്തുത സ്ഥാപനം എഗ്രിമെന്റ് വയ്ക്കുന്ന മുറയ്ക്ക് വിശദമായ പഠനം നടത്തി ഡി.പി.ആർ തയ്യാറാക്കുന്നതിൽ തഴക്കര കൊച്ചാലുംമൂട് ജംഗ്ഷനിലടക്കം വേണ്ടുന്ന ട്രാഫിക് സുരക്ഷാ ക്രമീകരണങ്ങൾ ഉൾപ്പെടുന്നുണ്ട്. കൂടാതെ പ്രസ്തുത ദേശീയപാതയുടെ കൊല്ലം മുതൽ ആഞ്ഞിലിമൂട് വരെയുള്ള ഭാഗം പേവ്ഡ് ഷോൾഡറോടു കൂടിയ രണ്ടു വരിപ്പാതയായി വികസിപ്പിക്കുന്നതിനു വേണ്ടിയുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള ടെണ്ടർ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ പരിഗണനയിലാണ്. |

S. Bindu

**സെക്ഷൻ ഓഫീസർ**